പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2972 **29-10-2026-ൽ മറുപടിയ്ക്ക്**

കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീമതി ഉമ തോമസ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ സ്കൂളുകളിൽ ഹോംവർക്ക്, പഠനപ്രവർത്തനങ്ങൾ എന്നിവ മൊബൈൽ ഫോൺ മുഖേന കുട്ടികൾക്ക് നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കോവിഡ് കാലത്ത് സ്കൂളുകളിൽ നേരിട്ടുള്ള ക്ലാസ്സുകൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ കേരളത്തിലെ സ്കൂളുകളിൽ ഹോംവർക്ക്, പഠനപ്രവർത്തനങ്ങൾ എന്നിവ മൊബൈൽ ഫോൺ മുഖേന കുട്ടികൾക്ക് നൽകിയിരുന്നു. എന്നാൽ നിലവിൽ പഠന പ്രവർത്തനങ്ങൾക്ക് മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ മൊബൈൽ ഫോൺ ഉപയോഗം അമിതമാക്കുന്നതിനും പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

മറുപടി: നിലവിൽ ഇത്തരം സാഹചര്യം നിലനിൽക്കുന്നില്ല എന്നതിനാൽ ഈ വിഷയത്തിൽ വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

(സി) സ്കൂൾ പഠനപ്രവർത്തനങ്ങൾക്കായി മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും ഹോംവർക്ക് ഉൾപ്പെടെയുള്ള പഠനപ്രവർത്തനങ്ങൾ മൊബൈൽ ഫോൺ ഉപയോഗം പരമാവധി കുറച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: നിലവിൽ ഇത്തരം സാഹചര്യം നിലനിൽക്കുന്നില്ല എന്നതിനാൽ ഈ വിഷയത്തിൽ വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ